HON'BLE MR. K. R. ELANKATH : സ്പെയർ പാർട്ട്സ് കിട്ടാത്തതു കൊണ്ടു ഒരു ബസുകൾ മാത്രം അങ്ങിനെയിട്ടിരിക്കുന്നുവെന്നു പറഞ്ഞുള്ളൂ. ഞാൻ പറഞ്ഞതു പൊതുവേ സാധാരണയുള്ള കണക്കാണ്.

MR. M. O. CHERIAN : എല്ലാ റൂട്ടുകളിലും ഓടുന്ന വണ്ടിക്ക് ഈ നാലുകൊല്ലം ആവറേജ് ലൈഫ് ഉണ്ടോ ?

HON'BLE MR. K. R. ELANKATH : പൊതുവെ എല്ലാത്തിനേയും വേർത്താണ് ഇതു കണക്കാക്കിയിട്ടുള്ളത്.

MR. ABDUL AZIZ : ബഹുമാനപ്പെട്ട മന്ത്രിയുടെ നിർവചനം അനുസരിച്ച് ഇപ്പോൾ ജീവനുള്ള ബസുകൾ എത്രയുണ്ടെന്നു പറയാമോ?

HON'BLE MR. K. R. ELANKATH : 400 എണ്ണമാണ്.

MR. S. KUTTAN : ജീവനില്ലാത്ത ബസുകൾക്ക് ജീവൻ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. K. R. ELANKATH : ഉദ്ദേശിക്കുന്നുമുണ്ട്. ജീവൻ കൊടുത്തുവരുന്നുമുണ്ട്.

MR. A. CHIDAMBARANATHA NADAR : சுகக்கேட்டிலிருக்கிற பஸ்களுக்கு வைத்தியம் டாக்டர வைத்தியர்களை நியமித்ததுண்டா ?

*HON'BLE MR. K. R. ELANKATH : ഡിപ്പാർട്മെന്റിൽ ഒരു ഓട്ടോമൊബൈൽ ഇൻജിനീയരും സ്റ്റാഫും ഉണ്ട്.

സമുദായം തിരിച്ചുള്ള പട്ടിക.

591. MR. THARIATHU KUNJITHOMMAN *(Moovattupuzha II—General)*. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

എഡ്യൂക്കേഷൻ വകുപ്പിലെ ഇൻസ്പെക്ടറന്മാരുടെയും ഇൻസ്പെക്ട്രസുകളുടെയും സമുദായം തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

HON'BLE MR. N. KUNJURAMAN : പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. വേണമെങ്കിൽ വായിക്കാം.

MR. K. P. NILAKANTA PILLAI : The question is, will the Hon'ble Minister be pleased to lay on the table the schedule That Is placed on the table.

MR. THARIATHU KUNJITHOMMAN : പട്ടിക ഒന്നു വായിച്ചു കേട്ടാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : വായിക്കാം.

ക. ഹിന്ദുക്കൾ.

ബ്രാഹ്മണർ	ക ം	
നായർ	ന്യ	
ഈഴവർ	ക	
വെള്ളാളർ	ക	
നാടാർ	ക	
മറ്റുഹിന്ദുക്കൾ	ക	(മുത്തത്ത്)

ഖ. മഹമ്മദീയർ ഖ

ഗ. ക്രസ്ത്യാനികൾ.

ആംഗ്ലിക്കൻ	ഖ
എസ്. ഐ. യു. സി.	ഖ
ജാക്കബൈറ്റ്	ഖ
മാർത്തോമാ	ര
സിറിയൻകാത്തലിക്ക്	ക
ആകെ	ന്ന

ശംഖുംമുഖം കടൽപ്പാലം പണി.

*592. MR. THARIATHU KUNJITHOMMAN : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കേട്ടുവന്നപോയ ശംഖുംമുഖം കടൽപ്പാലം തീർപ്പു പണിയുന്നതിന് ഗവണ്മെൻറിൽനിന്നും എസ്റ്റിമേറു തയാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര രൂപായുടെ എസ്റ്റിമേറാണ് തയാറാക്കിയിട്ടുള്ളതെന്ന് ദയവുചെയ്തു പ്രസ്താവിക്കുമോ?

HON'BLE MR. T. K NARAYANA PILLAI : കേട്ടുവന്നപോയ ശംഖുംമുഖം കടൽപ്പാലം പണിയുന്നതിന് ഗവണ്മെൻറിൻെറ നിർദ്ദേശപ്രകാരം ചീഫ് ഇൻജിനീയർ എസ്റ്റിമേറു തയാറാക്കുന്നുണ്ട്. എസ്റ്റിമേറു് പൂർത്തിയായിട്ടില്ലാത്തതിനാൽ അതു് എത്ര രൂപായുടേതെന്ന് ക്ലിപ്തമായി പറയുവാൻ നിർവാഹമില്ല. പാലം പുതുക്കിപ്പണിയുന്നതിനു് ഏകദേശം ക ഒ ലക്ഷത്തിനും ന ം ലക്ഷത്തിനും മദ്ധ്യേയുള്ള ഒരു ചെലവായേക്കാൻ ഇടയുണ്ടു്.

MR. THARIATHU KUNJITHOMMAN : ഉടൻതന്നെ ആ പാലം പണിയണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly